ജിം-ൽ ഒപ്പുവെച്ച ടൂറിസം വികസന പദ്ധതികൾ

54 (3995) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ ഏതൊക്കെ പദ്ധതികൾക്കാണ് കൊച്ചിയിൽ നടന്ന ആഗോളനിക്ഷേപക സമ്മേളനത്തിൽ എം.ഒ.യു. ഒപ്പ് വയ്ക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ജിമ്മിൽ അവതരിപ്പിച്ച നിക്ഷേപ അവസരങ്ങൾ (ഇൻവെസ്റ്റ്മെന്റ് ഓപ്പർച്ച്യൂണിറ്റീസ് ഇൻ കേരള) ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്ത്, രാജ്യത്തിനകത്തും പുറത്തും മാദ്ധ്യമങ്ങളിലൂടെ നൽകിയിട്ടുള്ള പരസ്യങ്ങൾക്കുവന്ന ചെലവ് എത്ര ;

(ഡി) ഏതൊക്കെ പ്രസിദ്ധീകരണങ്ങളിലാണ് ഈ പരസ്യങ്ങൾ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) പരസ്യങ്ങളുടെ കോപ്പി ലഭ്യമാക്കാമോ ;

(എഫ്) ഇന്റർനെറ്റ് വഴി ടൂറിസം വകുപ്പിന്റെ പരസ്യം നൽകുന്നുണ്ടോ ;

(ജി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഇന്റർനെറ്റ്വഴി എത്ര പരസ്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എച്ച്) സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ടൂറിസം പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഐ) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ നിക്ഷേപമായി എത്രകോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം I കാണുക.*

(ബി) അനുബന്ധം II കാണുക.*

(സി) 2.3 ലക്ഷം രൂപ.

(ഡി) ഹിന്ദു ദിനപത്രം.

(ഇ) അനുബന്ധം III കാണുക.*

(എഫ്) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) വിവിധ വെബ്സൈറ്റുകൾ വഴി ടൂറിസം വകുപ്പിന്റെ ധാരാളം പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

(എച്ച്&ഐ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

55 (3996) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ ഏതെല്ലാം റോഡുകൾ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ വടക്കേ വയനാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന റോഡുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ;

(ഇ) എങ്കിൽ പ്രസ്തുത പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വയനാട് ജില്ലയിലെ റിപ്പൺ-കാന്തൻപാറ വെള്ളച്ചാട്ടം റോഡ്, കവെത്തി-പൂക്കോട്ട് തടാകം റോഡ്, ചിത്രഗിരി-മീൻമുട്ടി വെള്ളച്ചാട്ടം റോഡ് എന്നിവയുടെ വികസനത്തിനായി ഡി.ടി.പി.സി. സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള വിവരങ്ങൾ ആരായുന്നതിന് ജില്ലാകളക്ടർ, വയനാടിന് (ഡി.ടി.പി.സി. - ചെയർമാൻ) അയച്ചുകൊടുത്തിട്ടുണ്ട്.

ഫോറസ്റ്റ് ടൂറിസം

56 (3997) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും നാഷണൽ പാർക്കുകളും ബന്ധപ്പെടുത്തി ഫോറസ്റ്റ് ടൂറിസം വികസിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും-നാഷണൽ പാർക്കുകളും ബന്ധപ്പെടുത്തി ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചെന്നൈ ആസ്ഥാനമായുള്ള കെ.പി.എം.ജി. എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly